(സി) മേൽ പദ്ധതിക്കായി 26.89 കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ആറ് കോടി രൂപ ധനസഹായം ലഭിക്കുന്നതാണ്. ബാക്കി തുക ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

44 (3197) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 സപ്തംബർ 30-ന് പി.എസ്.സി പുറത്തിറക്കിയ കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) 2010-ൽ നിയമനം കിട്ടിയ വർക്കർമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശമുണ്ടോ ;

(സി) പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം കിട്ടിയവർ ഒഴികെയുള്ളവരെ പ്രൊമോഷൻ വഴി വരുന്ന ഒഴിവുകളിലേക്ക് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 222 പേർക്ക് നിയമനം നല്കിയിട്ടുണ്ട്.

(ബി) 2010-ൽ നിയമനം കിട്ടിയ ധാരാളം ഇലക്ട്രിസിറ്റി വർക്കർമാർക്ക് ലൈൻമാനായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) ലൈൻമാൻ തസ്തികയിൽ ഒഴിവുവരുന്നമുറയ്ക്ക് മസ്ദൂർമാർക്ക് പ്രൊമോഷൻ നൽകുന്നുണ്ട്.

കൊയിലാണ്ടി നഗരത്തിൽ വോൾട്ടേജ് വ്യതിയാനവും പവർകട്ടും

45 (3198) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ പകൽ സമയങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് വ്യതിയാനവും പവർകട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം നഗരത്തിലെ ആശുപത്രികളിലും മറ്റ് സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുകാരണം വൈദ്യുതയന്ത്രങ്ങൾക്കുവരുന്ന പ്രവർത്തന ചെലവ് വർദ്ധനവും തകരാറുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ-ഡി) തലശ്ശേരി 110 കെ.വി. സബ്സ്റ്റേഷനിൽ നിന്ന് വടകര 110 കെ.വി. സബ്സ്റ്റേഷൻ വരെ നിലവിലുള്ള സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ലൈനാക്കി മാറ്റുന്ന പ്രവൃത്തിയുടെ ഭാഗമായി ഓർക്കാട്ടേരി മുതൽ വടകര വരെയുള്ള ഭാഗങ്ങളിൽ 2015 ഏപ്രിൽ 24 മുതൽ ജൂൺ 10 വരെ ചേവായൂർ, കൊയിലാണ്ടി, മേപ്പയൂർ എന്നീ 110 കെ.വി. സബ്സ്റ്റേഷനുകളിലും ബാലുശ്ശേരി, മേലടി, തിരുവള്ളൂർ എന്നീ അനുബന്ധ 33 കെ. വി. സബ്സ്റ്റേഷനുകളിലും വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നു. പ്രസ്തുത ഭാഗങ്ങളിലേക്ക് കോഴിക്കോട്, നല്ലളം ഭാഗത്ത് നിന്നും ദൈർഘ്യമേറിയ ലൈനുകളിലൂടെ വൈദ്യുതി എത്തിക്കേണ്ടി വന്നതിനാൽ വോൾട്ടേജ് ക്ഷാമം നേരിട്ടിരുന്നു. 110 കെ. വി. ലൈൻ ഇരട്ടിപ്പിക്കൽ പ്രവൃത്തി ഏകദേശം 2015 ജൂലൈ പകുതിയോടുകൂടി പൂർത്തീകരിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

കൊയിലാണ്ടി മണ്ഡലത്തിലെ ഊർജ്ജ പദ്ധതികൾ

46 (3199) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിൽ വരുത്തിയതും ഭരണാനുമതി ലഭിച്ചതുമായ ഊർജ്ജ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ പ്രസ്തുത പ്രദേശങ്ങളിൽ നിന്നും വൈദ്യുതി കണക്ഷനായി എത്ര അപേക്ഷകൾ ലഭിച്ചു ഇതിൽ എത്രപേർക്ക് കണക്ഷൻ നൽകി; ഇനി എത്രപേർക്ക് നൽകാനുണ്ട്; നൽകാനുള്ളവർക്ക് എപ്പോൾ കണക്ഷൻ നൽകും; വിശദമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈദ്യുതീകരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly